KSACS

Kerala State AIDS Control Society
Red Cross Road
Thiruvananthapuram -695035
www.ksacs.in

Phone: +91 471 2304882,2304704,2303763, Fax: +91 471 2305183 email: keralasacs@gmail.com

**03.06.2009**

# ഡിവൈ. എസ്. പിമാർക്ക് പരിശീലനം നൽകി
# എച്ച്ഐവി പ്രതിരോധത്തിന് കേരള പോലീസും

തിരുവനന്തപുരം: എച്ച്ഐവി എയ്ഡ്സ് നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങളിൽ കേരള പോലീസും പങ്കാളിയാകുന്നു. ഇതിന്റെ ആദ്യപടിയായി ഇന്നലെ സംസ്ഥാനത്തെ വിവിധ ജില്ലക ളിലെ ഡിവൈ.എസ്.പിമാർക്കായി ശില്പശാല നടത്തി. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിലായിരുന്നു പരിപാടി.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. ഉഷാ ടൈറ്റസ് ശില്പശാല ഉദ്ഘാടനം ചെയ്തു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി യുടെ ആഭിമുഖ്യത്തിലുള്ള സുരക്ഷാ പ്രോജക്ടുകൾ ഉൾപ്പെടെയുള്ള മേഖലകളിൽ പോലീസ് വകുപ്പിനെയും സഹകരിപ്പിക്കുക, പോലീസുകാർക്കിടയിലെ എച്ച്ഐവി അണുബാധിതരോട് അനുഭാവപൂർവമായ പെരുമാറ്റം ശീലിപ്പിക്കുക, പോലീസുകാർക്കിടയിൽ സന്നദ്ധ രക്തദാന ശീലം വർദ്ധിപ്പിക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടെയായിരുന്നു ശില്പശാല.

ശില്പശാലയിൽ പങ്കെടുത്ത ഡിവൈ.എസ്.പിമാരുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ താഴെ തട്ടി ലുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകും. എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ വിവിധ സർക്കാർ വകുപ്പുകളിൽ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ ഭാഗമായാണ് പോലീസ് വകു പ്പിനായി ശില്പശാല നടത്തിയത്. പോലീസ് സേനയിൽ എച്ച്ഐവി, എയ്ഡ്സ് നിയന്ത്രണ, പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന നോഡൽ ഓഫീ സർമാരാണ് ശിൽപശാലയിൽ പങ്കെടുത്തത്.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. ടി.വി വേലായുധൻ മുഖ്യപ്രഭാഷണം നടത്തി. ജോയിന്റ് ഡയറക്ടർമാരായ ഡോ റീറ്റ ക്രോസ്, എസ്. അജയ്കുമാർ, ഡെന്നീസ് ജോസഫ്, മെയിൻസ്ട്രീമിംഗ് കൺസൾട്ടന്റ് ജി. സുനിൽകുമാർ തുടങ്ങിയവർ ശില്പശാലക്ക് നേതൃത്വം നൽകി.

ഈ കുറിപ്പ് താങ്കളുടെ വാർത്തകളിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയിന്റ് ഡയറക്ടർ (ബോധവത്കരണം)**